

TUESDAY ചൊവ്വാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ

## FARM INFORMATION BUREAU

**Agriculture Development & Farmer’s Welfare Department**

**Government of Kerala**

Chief Editor : George Sebastian Editor : Dr Asha T T


Farm Information Bureau, Kowdiar, Thiruvananthapuram -695003

Website : fibkerala.gov.in; E-mail: piofibvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186, 2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:** piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

**10-08-2021**

# എഫ് ഐ ബി കാർഷികവാർത്തകൾ – FIB FARM NEWS

**1.** കാർഷിക വികസന കർഷകക്ഷേമ വകുപ്പിന്റെ നേതൃത്വത്തിൽ വിപണി ഇടപെടൽ പദ്ധതിയുടെ ഭാഗമായി ഓണ സമൃദ്ധി 2021 എന്ന പേരിൽ 17-08-2021 മുതൽ 20-08-2021 വരെ സംസ്ഥാനത്തുടനീളം **2000 നാടൻ പഴം – പച്ചക്കറി കർഷക ചന്തകൾ** സംഘടിപ്പിക്കുന്നു. ഈ കർഷക ചന്തകളിലൂടെ പ്രാദേശിക കർഷകരിൽ നിന്നും പച്ചക്കറികൾ പൊതു വിപണിയിലെ സംഭരണ വിലയെക്കാൾ 10 ശതമാനം അധിക വിലയ്ക്ക് സംഭരിക്കുകയും പൊതുവിപണി വിൽപ്പന വിലയേക്കാൾ 30 ശതമാനം വിലക്കുറവിൽ ഉപഭോക്താക്കൾക്ക് ലഭ്യമാക്കുകയും ചെയ്യും. ഇതോടൊപ്പം ഉത്തമ കൃഷി മുറയിലൂടെ ഉൽപാദിപ്പിച്ച പച്ചക്കറികൾ പൊതു വിപണിയിലെ സംഭരണ വിലയെക്കാൾ 20 ശതമാനം അധിക വിലയ്ക്ക് സംഭരിക്കുകയും പൊതുവിപണി വിൽപ്പന വിലയേക്കാൾ 10 ശതമാനം വിലക്കുറവിൽ ഉപഭോക്താക്കൾക്ക് ലഭ്യമാക്കുകയും ചെയ്യും. കൂടുതൽ വിവരങ്ങൾക്ക് അടുത്തുള്ള കൃഷിഭവനുമായി ബന്ധപ്പെടുക.

**2.** കേരള കാർഷിക സർവകലാശാലയുടെ കണ്ണാറ വാഴ ഗവേഷണ കേന്ദ്രത്തിൽ സ്യൂഡോമോണസ് ഫ്ളൂറസെൻസ് (പൊടി, ലായിനി), ട്രൈക്കോഡർമ, ബ്യൂവേറിയ, ലെക്കാനിസിലിയം, മെറ്റാറൈസിയം, പാസിലോമൈസസ്, ബയോകൺട്രോൾ കോമ്പി പാക്ക്-വാഴ, ബയോകൺട്രോൾ കോമ്പി പാക്ക്-പച്ചക്കറി, മൈക്കോറൈസ, അസോസ്പൈറില്ലം, ഫോസ്ഫറസ് വളം, ബയോഫെർട്ടിലൈസർ കോമ്പി പാക്ക്, അസോള, വെർമികംപോസ്റ്റ്, നീം സോപ്പ് തുടങ്ങിയ ജൈവ കീടരോഗനിയന്ത്രണ ഉപാധികൾ വിൽപ്പനക്ക് തയ്യാറായിട്ടുണ്ട്. ആവശ്യമുള്ളവർ **9747238532, 0487 2699087** എന്നീ നമ്പറുകളിൽ വിളിച്ച് മുൻകൂട്ടി ബുക്ക് ചെയ്യേണ്ടതാണെന്ന് സ്ഥാപനം മേധാവി അറിയിക്കുന്നു,

**3.** കർഷദിനത്തിന്റെ ഭാഗമായി ചിങ്ങം 1 ന് (ഓഗസ്റ്റ് 17 ന്) ആലപ്പുഴ ജില്ലയിലെ അരൂർ ഗ്രാമപഞ്ചായത്തിലെ മികച്ച കർഷകൻ, മുതിർന്ന കർഷകതൊഴിലാളി, നെൽകർഷകൻ, ക്ഷീരകർഷകൻ, കുട്ടികർഷകൻ, സമ്മിശ്രകർഷകൻ, മട്ടുപ്പാവിൽ കൃഷിചെയ്യുന്ന കർഷകൻ എന്നീ വിഭാഗങ്ങളിലായി

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

**10-08-2021**

അവാർഡുകൾ നൽകുന്നു. അവാർഡുകളിലേയ്ക്ക് പരിഗണിക്കപ്പെടുന്നതിനായി ഈ മാസം 12 ന മുമ്പായി കൃഷിഭവനിൽ അപേക്ഷ നൽകണമെന്ന് അത്രൂർ കൃഷി ഓഫീസർ അറിയിക്കുന്നു.

**പരിശീലന പരിപാടികൾ**

4. സ്റ്റേറ്റ് അഗ്രിക്കൾച്ചർ മാനേജ്മെന്റ് ആന്റ് എക്സ്റ്റൻഷൻ ട്രയിനിംങ് ഇൻസ്റ്റിസ്റ്റ്യൂട്ടിന്റെ ആഭിമുഖ്യത്തിൽ ഇന്ന് (10.08.2021) വൈകിട്ട് 7 മണി മുതൽ **നാടൻ മത്സ്യങ്ങളുടെ പ്രജനനരീതികൾ** എന്ന വിഷയത്തിൽ ഓൺലൈൻ പരിശീലനം നടത്തുന്നു. **സമേതി കേരളയുടെ** ഫേസ്ബുക്ക് പേജിൽ പരിശീലനം തത്സമയം വീക്ഷിക്കാവുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് വിവരങ്ങൾക്ക് 0471 – 2740440 / **9349482600** എന്നീ നമ്പരുകളിലോ sametikerala@gmail.com എന്ന മെയിലിലോ ബന്ധപ്പെടുക.

5. തിരുവനന്തപുരം കൃഷി വിജ്ഞാന കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ ഇന്ന് (ആഗസ്റ്റ് 10-ന്) **കൂണിന്റെ മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ** എന്ന വിഷയത്തിൽ രാവിലെ 11 മണി മുതൽ ഓൺലൈൻ പരിശീലനം നടത്തുന്നു. കൂടുതൽ വിവരങ്ങൾക്ക് **9400288040** എന്ന നമ്പരിൽ ബന്ധപ്പെടുക.

6. ഓച്ചിറ ക്ഷീരോത്പന്ന നിർമ്മാണ പരിശീലന വികസന കേന്ദ്രത്തിന്റെ നേതൃത്വത്തിൽ ഇന്ന് (ആഗസ്റ്റ് 10) രാവിലെ 11 മണി മുതൽ **പാലിൽ നിന്നുള്ള മൂല്യവർദ്ധിത ഉത്പന്നങ്ങൾ** എന്ന വിഷയത്തിൽ ഓൺലൈൻ പരിശീലനം നടത്തുന്നു. പങ്കെടുക്കാൻ താത്പര്യമുള്ളവർ **9947775978** എന്ന വാട്സാപ്പ് നമ്പരിലേക്ക് പേരും മേൽവിലാസവും അയച്ചു നൽകി പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് **0476 2698550** എന്ന നമ്പരിൽ ബന്ധപ്പെടുക.

7. തലയോലപ്പറമ്പ് മൃഗസംരക്ഷണപരിശീലന കേന്ദ്രത്തിൽ വച്ച് ഇന്ന് (10/08/2021-ന്) **പശുവളർത്തൽ** എന്ന വിഷയത്തിൽ ഓൺലൈൻ പരിശീലനം നൽകുന്നു. പങ്കെടുക്കാൻ താത്പര്യമുള്ളവർ **9188522706** എന്ന വാട്സാപ്പ് നമ്പരിലേക്ക് പേരും പരിശീലനത്തിന്റെ പേരും വാട്ട്സാപ്പ് സന്ദേശമായി അയച്ചു നൽകി പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് **04829 234323** എന്ന നമ്പരിൽ ബന്ധപ്പെടുക.

8. കോഴിക്കോട് ക്ഷീര പരിശീലന കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ ഇന്ന് (10/08/2021 ന്) രാവിലെ 10.30 മണി മുതൽ കണ്ണൂർ ജില്ലയിലെ ക്ഷീര സംഘങ്ങളിലെ ലാബ് അസിസ്റ്റന്റ്മാർ, പ്രൊക്യൂർമെന്റ് അസിസ്റ്റന്റ്മാർ

**10-08-2021**

എന്നിവർക്ക് "**ഭക്ഷ്യ സുരക്ഷ നിയമം – 2006, പാൽ ഗുണനിലവാരത്തിന്റെ പ്രാധാന്യം, പരിശോധന ലാബ് സജ്ജീകരിക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ, ലാബിൽ സൂക്ഷിക്കേണ്ട രജിസ്റ്ററുകൾ**" (http://meet.google.com/znk-audu-bsv) എന്ന വിഷയത്തിലും ഉച്ചക്ക് 2 മണിക്ക് "**പാൽ ഗുണനിലവാര പരിശോധന, രാസവസ്തുക്കളുടെ പ്രിപ്പറേഷൻ, ടെസ്റ്റിംഗ് ഉപകരണങ്ങളുടെ പ്രവർത്തനം ശ്രദ്ധിക്കേണ്ട കാര്യങ്ങൾ**" (http://meet.google.com/rbw-uszi-vcd) എന്ന വിഷയത്തിലും ഓൺലൈൻ പരിശീലനം നടത്തുന്നു.

9. കോഴിക്കോട് കൃഷി വിജ്ഞാന കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ നാളെ (ആഗസ്റ്റ് 11-ന്) **പശുക്കളിലെ നാടൻ ചികിത്സ**, ഈ മാസം 12-ന് **കിഴങ്ങു വർഗ വിളകളുടെ കൃഷി**, 13-ന് **വാഴയിലെ രോഗകീട നിയന്ത്രണം**, 17-ന് **അക്വേറിയം നിർമ്മാണവും പരിചരണവും** എന്നീ വിഷയങ്ങളിൽ ഓൺലൈൻ പരിശീലനം നടത്തുന്നു. കൂടുതൽ വിവരങ്ങൾക്ക് **0496 2966041** എന്ന നമ്പരിൽ ബന്ധപ്പെടുക.

10. പാലക്കാട് ജില്ലയിലെ ആലത്തൂർ ക്ഷീര പരിശീലന കേന്ദ്രത്തിൽ വച്ച് നാളെ (11-8-2021) ന് രാവിലെ 11 മണിക്ക് **ഗുണകരമായ പാലുൽപാദനം-കർഷകർ അറിയേണ്ടതെല്ലാം** എന്ന വിഷയത്തിൽ ഗൂഗിൾ മീറ്റ് വഴി ഓൺലൈൻ പരിശീലനം നടത്തുന്നു. പരിശീലനത്തിൽ പങ്കെടുക്കുവാൻ താൽപര്യമുള്ളവർ രാവിലെ 11 മണിയ്ക്ക് meet.google.com/Uya-gywr-ugn എന്ന ഗൂഗിൾ മീറ്റ് ലിങ്കിലൂടെ പരിശീലനത്തിൽ പ്രവേശിക്കാം. കൂടുതൽ വിവരങ്ങൾക്ക് **0492-2226040** എന്ന നമ്പരിൽ ബന്ധപ്പെടുക.

11. തിരുവല്ല മഞ്ഞാടി ഡക്ക് ഹാച്ചറി ആന്റ് ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടിന്റെ ആഭിമുഖ്യത്തിൽ നാളെയും ഈ മാസം 12-നുമായി **മുട്ടക്കോഴി വളർത്തൽ** എന്ന വിഷയത്തിൽ ഓൺലൈൻ പരിശീലനം നൽകുന്നു. പങ്കെടുക്കാൻ താത്പര്യമുള്ളവർ **9188522711** എന്ന വാട്സാപ്പ് നമ്പരിലേക്ക് വാട്ട്സാപ്പ് സന്ദേശമായി പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് **0469-2965535** എന്ന നമ്പരിൽ ബന്ധപ്പെടുക.